(ബി) ലാഭമാണെങ്കിൽ എത്ര; നഷ്ടമാണെങ്കിൽ എത്ര;

(സി) മത്സ്യഫെഡിന്റെ നീണ്ടകര ഫ്രീസിംഗ് പ്ലാന്റിൽ ലക്ഷക്കണക്കിന് രൂപയുടെ മത്സ്യം വിറ്റഴിക്കാതെ കിടക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മത്സ്യഫെഡ് മുഖാന്തിരം വിറ്റഴിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് പൊതുജനങ്ങളിൽനിന്ന് വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ, അത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 6.50 ലക്ഷം രൂപയുടെ മത്സ്യം വിറ്റഴിച്ചു. കഴിഞ്ഞ വർഷം മത്സ്യഫെഡ് മത്സ്യവില്പന തുടങ്ങിയിട്ടില്ലായിരുന്നു.

(ബി) 31-5-1986-ലെ കണക്കനുസരിച്ച് 1.55 ലക്ഷം രൂപയുടെ ലാഭമുണ്ട്.

(സി) വിറ്റഴിക്കാതെ മത്സ്യം കെട്ടിക്കിടക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) നീണ്ടകര ഐസ് പ്ലാന്റിന്റെ പ്രവർത്തന വൈകല്യമാണ് മത്സ്യത്തിന്റെ ഗുണനിലവാരം കുറയുന്നതിനുള്ള അടിസ്ഥാന കാരണമെന്ന് മനസ്സിലാക്കി അത് റിപ്പയർ ചെയ്യാനുള്ള നടപടി സ്വീകരിച്ചു. ഇപ്പോഴും ഗുണനിലവാരമുള്ള മത്സ്യവും മത്സ്യോല്പന്നങ്ങളുമാണ് വിറ്റുവരുന്നത്.

കടൽക്ഷോഭം മൂലം തൊഴിൽ രഹിതരായ
മത്സ്യത്തൊഴിലാളികൾ

19 (2433) ശ്രീ. വി.കെ. രാജൻ:
,, കെ.ടി. കുമാരൻ:
,, എം.കെ. കേശവൻ:
,, കെ.വി. പ്രഭാകരൻ:
,, കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം മൂലം തൊഴിൽരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ സംസ്ഥാനത്തുണ്ട്;

(ബി) ഏതെല്ലാം പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളാണ് തൊഴിൽ രഹിതരായിട്ടുള്ളത്;

(സി) കടലാക്രമണം മൂലം വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും മറ്റുമായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ചില സന്ദർഭങ്ങളിൽ ഉണ്ടാകുന്ന കടൽക്ഷോഭം മൂലം ഏതാനും മത്സ്യത്തൊഴിലാളികൾക്ക് താല്ക്കാലികമായി തൊഴിൽ ഇല്ലാതാവുമെന്നല്ലാതെ ആരുംതന്നെ സ്ഥിരമായി തൊഴിൽ രഹിത

LIBRARY ARCHIVES Kerala Legislative Assembly

രാകാറില്ല. അപ്രകാരം താല്ക്കാലികമായി തൊഴിൽരഹിതരാകുന്നവർ താമസിയാതെത്തന്നെ മത്സ്യബന്ധത്തിലും മറ്റും ഏർപ്പെടുകയാണ് പതിവ്.

(ബി) തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള കടൽതീരത്തുള്ള മത്സ്യത്തൊഴിലാളികളാണ് കടൽക്ഷോഭം മൂലം താല്ക്കാലികമായി തൊഴിൽ രഹിതരാകുന്നത്.

(സി) ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ കൂടി സഹകരണത്തോടെ റവന്യൂ വകുപ്പാണ് നടപടികൾ കൈക്കൊള്ളാറുള്ളത്. എന്നാൽ മത്സ്യ ഫെഡിന്റെ ഭവനനിർമ്മാണ പദ്ധതി പ്രകാരം പുതിയ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലായി 17,206 വീടുകൾ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നല്കി. കൂടാതെ 2794 വീടുകളുടെ പണി പുരോഗതിയിലാണ്.

## മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം

20 [2434] ശ്രീ. ടി.കെ. അബ്ദു:
,, വർക്കല രാധാകൃഷ്ണൻ:
,, പി വി. കുഞ്ഞിക്കണ്ണൻ:
,, കെ. പുരുഷോത്തമൻ:
,, സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നല്കുന്ന പദ്ധതി അനുസരിച്ച് കഴിഞ്ഞ വർഷം എത്രപേർക്ക് ധനസഹായം നല്കി;

(ബി) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം കടലിൽ മത്സ്യം പിടിക്കാൻ പോയ എത്ര മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്?

### ഉത്തരം

(എ) 1985-86 വർഷത്തിൽ 142 പേർക്ക്.

(ബി) 48 മത്സ്യത്തൊഴിലാളികൾ.

## കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ

21 [2435] ശ്രീ. വി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിന്റെ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഹാർബർ നിർമ്മാണം ഏത് പഞ്ചവത്സര പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?



LIBRARY ARCHIVES Kerala Legislative Assembly